**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

**12.06.2020 -ന് രാവിലെ 11.00-ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 20–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.(അനുബന്ധം-1)**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ശാരദാ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർ പേഴ്സൺ** |
| 2 | അഡ്വ.കെ.തുളസീഭായ് പത്മനാഭൻ, പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ. | **മെമ്പർ** |
| 3 | ശ്രീമതി.കെ.എസ്.ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 4 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 5 | ശ്രീമതി.ഹേമ.വി, അണ്ടർ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 6 | ഡോ.എസ് ചിത്ര, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ & ഡയറക്ടർ, ഐ.ടി മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

**വിഷയം: 25.03.2019 ന് നടന്ന പത്തൊൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

25.03.2019ന് കൂടിയ പത്തൊൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: പത്തൊൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-2 | പതിനെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്. | 1.മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സിനി.ആർ ന്റെ ഇ.പി.എഫ് വിഹിതം കൂടി ഐ.കെ.എം അടച്ച നടപടി നിയമപരമായി പരിശോധിക്കാൻ കമ്മിറ്റി നിർദ്ദേശം നൽകി. ഐ.കെ.എമ്മിലെ എത്ര ജീവനക്കാർക്ക് ഇ.പി.എഫ് അടയക്കുന്നുണ്ടെന്നും, കുടിശ്ശിക ഉണ്ടോ എന്നും കമ്മിറ്റി ആരാഞ്ഞു. | 1. വിഷയം പരിശോധിക്കുന്നതിനായി സർക്കാർ അഭിഭാഷകന്റെ സേവനം ആവശ്യപ്പെട്ട് സർക്കാരിനും, പകർപ്പ് അഡ്വക്കേറ്റ് ജനറലിനും കത്ത് നൽകിയിട്ടുണ്ട്. നിലവിൽ 355 ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം അടയ്ക്കുന്നുണ്ട്. (ഇ.പി.എഫ് വേതനത്തിന്റെ 12% തൊഴിലാളിയുടെ വിഹിതമായും, ഐ.കെ.എം വിഹിതമായി 12%+1% അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജും അടയ്ക്കുന്നുണ്ട്) |
| | | 2.ശ്രീമതി.ആശ.എസ്, സീനിയർ ഡെവലപ്പർ ഐ.കെ.എമ്മിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പ് ഒരു മാസത്തെ നോട്ടീസ് നൽകണമായിരുന്നു എന്ന് കമ്മിറ്റി അറിയിച്ചു. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഇവർക്ക് താഴെ ആളുണ്ടെങ്കിൽ അവരെ നിയമിക്കുന്നതിൽ Model code of Conduct തടസമില്ലെന്ന് കമ്മിറ്റി അറിയിച്ചു. | 2. ശ്രീമതി.ആശ.എസ്, സീനിയർ ഡെവലപ്പർ ഐ എമ്മിൽ.കെ. തീയതിയിൽ 10.01.2019 നിന്നും .ചെയ്തിട്ടുണ്ട് വിടുതൽ |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | 3. റാങ്ക് ലിസ്റ്റിൽ ശ്രീ.രഞ്ജിത്ത്.പിക്ക് താഴെയുള്ള ഉദ്യോഗാർഥിക്ക് മുൻപ് ഓഫർ ലെറ്റർ കൊടുത്തതാണെങ്കിൽ Model code of Conduct ബാധകമല്ല എന്ന് കമ്മിറ്റി അറിയിച്ചു. | 3.ഡെവലപ്പർ തസ്തികയിൽ 2 ഒഴിവ് ഉണ്ടായിരുന്നതിൽ 3-ാം റാങ്കുകാരനായ അജേഷ് ബി.ജി യ്ക്കും 4-ാം റാങ്കുകാരിയായ ശ്രീമതി.തസ്നിമ.കെ.എസ്സും ഓഫർ ലെറ്റർ നൽകി.എന്നാൽ ശ്രീ.അജേഷ് ബി.ജി ഓഫർ നിരസിക്കുകയും, ശ്രീമതി.തസ്നിമ.കെ.എസ് 09.05.2019 ജോലിയിൽ പ്രവേശിക്കുകയും, 31.05.2019 തീയതിയിൽ രാജിക്കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| | | 4. ERP സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ് സ്റ്റാറ്റസ് – ആദ്യ മോഡ്യൂളുകളായ ഫയൽ മാനേജ്മെന്റ് സിസ്റ്റം, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് മോഡ്യൂൾ എന്നിവയുടെ എല്ലാ സെക്യൂരിറ്റി ടെസ്റ്റിങ്ങും പൂർത്തിയാക്കി എന്ന് വിന്യസിക്കാൻ കഴിയും എന്ന് ടീം അംഗങ്ങളുമായി ചർച്ചചെയ്ത് ഒരു ടൈം ലൈൻ എത്രയും വേഗം നൽകാൻ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ന് നിർദ്ദേശം നൽകി. | 4. ILGMS (ഇ.ആർ.പി) സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിന്റെ നിലവിലെ സ്ഥിതി അനുബന്ധം-2 ആയി ചേർക്കുന്നു. |
| | | 5.ഐ.കെ.എമ്മിൽ അക്കൗണ്ട്സ് സംബന്ധമായ നടപടികൾ ശരിയായ രീതിയിലല്ല എന്നും, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല എന്നും, ഫിനാൻസ് വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. കൂടാതെ അഡ്വാൻസുകൾക്ക് എല്ലാം പ്രൊസീഡിംഗ്സ് ഇറക്കേണ്ട താണെന്നും, അഡ്വാൻസ് വാങ്ങി കഴിഞ്ഞ് ഒരു മാസത്തിനകം Settle ചെയ്യണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു. | 10.09.2015 മുതൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കൂടാതെ ഇനിമുതലുള്ള എല്ലാ അഡ്വാൻസുകൾക്കും പ്രൊസീഡിംഗ്സ് നിർബന്ധമാക്കിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-3 | ഐ.കെ.എമ്മിന്റെ 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ താഴെ പറയുന്ന നിബന്ധനകളോടു കൂടി അംഗീകരിച്ചു.<br>1.പ്രോജക്റ്റ് അഡ്വാൻസുകൾ ദീർഘകാലമായി പെന്റിംഗിൽ കിടക്കുന്നു. അവ യഥാസമയം സെറ്റിൽ ചെയ്യാത്തതിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തി. | 1,2 പ്രോജക്റ്റ് അഡ്വാൻസ് സെറ്റിൽചെയ്യാൻ ആകെയുള്ള 30 കേസ്സുകളിൽ മേൽവിലാസം ലഭ്യമായ 23 പേർക്ക് കത്ത് ആയച്ചു. അതിൽ 2 പേർ തുക ഒടുക്കി ബാദ്ധ്യത തീർപ്പാക്കിയിട്ടുണ്ട്. ബാദ്ധ്യത നിലനിൽക്കുന്നില്ല എന്ന് മറുപടി നൽകിയ 6 പേരുടെ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കുറിപ്പോടെ 6 കത്തുകൾ മടങ്ങി വന്നു. മറ്റുള്ള 9 പേരിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇ.പി.എഫ് ൽ അംഗമായി തുക ഒടുക്കിയിട്ടുള്ള വരിൽ നിന്നും അവർ അക്കൌണ്ട് ക്ലോസ് ചെയ്യുന്ന സമയത്ത് തുക ഈടാക്കാൻ സാധിക്കുന്നതാണ്. |
| | | 2.പ്രോജക്റ്റ് അഡ്വാൻസുകൾ സെറ്റിൽചെയ്യാനുള്ളത് ഒരു മാസത്തിനകം നടപടി സ്വീകരിക്കാൻ അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി.ഒരു മാസത്തിനകം പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിച്ചില്ല എങ്കിൽ അത് അക്കൗണ്ട് ഓഫീസറുടെ പേഴ്സണൽ ബാധ്യതയായി കണക്കാക്കുന്നതാണ്. | |
| | | 3.അഡ്വാൻസുകൾ നൽകുമ്പോൾ പ്രൊസീഡിംഗ്സ് ഇറക്കേണ്ടതാണ്. പ്രസ്തുത പ്രൊസീഡിംഗ്സിൽ ഒരുമാസത്തിനകം സെറ്റിൽ ചെയ്യേണ്ടതാണെന്നും രേഖപ്പെടുത്തേണ്ടതാണ്. | 3.നിലവിൽ നൽകുന്ന ഓഫീസ് അഡ്വാൻസുകൾ എല്ലാം സമയബന്ധിതമായി സെറ്റിൽ ചെയ്യുന്നുണ്ട്. |
| | | 4.മൂന്ന് മാസത്തിൽ കൂടുതൽ ഉള്ള അഡ്വാൻസുകൾ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | 4. മുൻപ് നൽകിയ അഡ്വാൻസുകൾ സെറ്റിൽ ചെയ്യുന്നതിനായി സർക്കാർ ഉത്തരവു പ്രകാരമുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| | | 5.എല്ലാ വർഷത്തെയും ആഡിറ്റഡ് അക്കൗണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. | 5. 2013-2014 സാമ്പത്തിക വർഷം മുതൽ 2017-18 വർഷം വരെയുള്ള ആഡിറ്റഡ് അക്കൗണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2013-14 വർഷത്തിന് മുൻപ് ഉള്ളത് ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-4 | ഐ.കെ.എമ്മിന്റെ 2017-18 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2017-18 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ താഴെ പറയുന്ന നിബന്ധനകളോടുകൂടി അംഗീകരിച്ചു.<br>1.വളരെ ദീർഘനാളായ പ്രോജക്റ്റ് അഡ്വാൻസുകൾ പെന്റിംഗിലാണ്. അവ യഥാസമയം സെറ്റിൽ ചെയ്യാത്തതിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തി. | 1,2 പ്രോജക്റ്റ് അഡ്വാൻസ് സെറ്റിൽചെയ്യാൻ ആകെയുള്ള 30 കേസുകളിൽ മേൽവിലാസം ലഭ്യമായ 23 പേർക്ക് കത്ത് ആയച്ചു. അതിൽ 2 പേർ തുക ഒടുക്കി ബാദ്ധ്യത തീർപ്പാക്കിയിട്ടുണ്ട്. ബാദ്ധ്യത നിലനിൽക്കുന്നില്ല എന്ന് മറുപടി നൽകിയ 6 പേരുടെ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കുറിപ്പോടെ 6 കത്തുകൾ മടങ്ങി വന്നു. മറ്റുള്ള 9 പേരിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇ.പി.എഫ് ൽ അംഗമായി തുക ഒടുക്കിയിട്ടുള്ള വരിൽ നിന്നും അവർ അക്കൌണ്ട് ക്ലോസ് ചെയ്യുന്ന സമയത്ത് തുക ഈടാക്കാൻ സാധിക്കുന്നതാണ്. |
| | | 2.പ്രോജക്റ്റ് അഡ്വാൻസുകൾ സെറ്റിൽചെയ്യാനുള്ളത് ഒരു മാസത്തിനകം നടപടി സ്വീകരിക്കാൻ അക്കൌണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി. ഒരു മാസത്തിനകം പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിച്ചില്ല എങ്കിൽ അത് അക്കൌണ്ട് ഓഫീസറുടെ പേഴ്സണൽ ബാധ്യതയായി കണക്കാക്കുന്നതാണ്. | |
| | | 3.അഡ്വാൻസുകൾ നൽകുമ്പോൾ പ്രൊസീഡിംഗ്സ് ഇറക്കേണ്ടതാണ്. പ്രസ്തുത പ്രൊസീഡിംഗ്സിൽ ഒരുമാസത്തിനകം സെറ്റിൽ ചെയ്യേണ്ടതാണെന്നും രേഖപ്പെടുത്തേണ്ടതാണ്. | 3. നിലവിൽ നൽകുന്ന ഓഫീസ് അഡ്വാൻസുകൾ എല്ലാം സമയബന്ധിതമായി സെറ്റിൽ ചെയ്യുന്നുണ്ട്. |
| | | 4.മൂന്ന് മാസത്തിൽ കൂടുതൽ ഉള്ള അഡ്വാൻസുകൾ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | 4. മുൻപ് നൽകിയ അഡ്വാൻസുകൾ സെറ്റിൽ ചെയ്യുന്നതിനായി സർക്കാർ ഉത്തരവു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| | | 5.എല്ലാ വർഷത്തെയും ആഡിറ്റഡ് അക്കൌണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. | 5. 2013-2014 സാമ്പത്തിക വർഷം മുതൽ 2017-18 വർഷം വരെയുള്ള ആഡിറ്റഡ് അക്കൌണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന് മുമ്പ് ഉള്ളത് ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |
| | | 6.2018-19 ലെ Unaudited Accounts 2019 ഏപ്രിൽ 30 ന് ശേഷം ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്. | 6 ,7 - 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റിംഗ് 27.06.2019 ന് പൂർത്തീകരിച്ചു. ആയത് 12.06.2020 തീയതിയിൽ ചേരുന്ന |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | 7.2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 2019 ജൂൺ 30 നുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. | എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ട-23 ആയി പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| അജണ്ട-5 | 2016-2017, 2017-2018 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് വിശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. റിപ്പോർട്ടിൽ താഴെ പറയുന്ന വിഷയങ്ങൾ കൂടി ഉൾപ്പെടുത്താനും കമ്മിറ്റി നിർദ്ദേശിച്ചു. | 1 ,2, 3 - നിർദ്ദേശ പ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| | | 1.വാർഷിക റിപ്പോർട്ട് കുറച്ചുകൂടി നന്നായി തയ്യാറാക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. | |
| | | 2.ഓരോ ആപ്ലിക്കേഷന്റെയും കൂടെ ഇംപ്ലിമെന്റേഷൻ സ്റ്റാറ്റസ്, എത്ര സ്ഥലങ്ങളിൽ ഉപയോഗിക്കുന്നു, ഓരോ ആപ്ലിക്കേഷനിലും ലഭിച്ച പരാതികൾ എത്ര പരിഹരിച്ചു എന്നുള്ളത് കൂടി ഉൾപ്പെടുത്തേണ്ടതാണ്. | |
| | | 3.ധനകാര്യ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രം ഉൾപ്പെടുത്തിയാൽ മതി എന്ന് കമ്മിറ്റി നിർദ്ദേശിച്ചു. | |
| | | 4.അക്കൗണ്ട്സിന്റെ വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഗ്രാഫ് രൂപത്തിൽ കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് യോഗം നിർദ്ദേശിച്ചു. | 4. വരും വർഷങ്ങളിലെ വാർഷിക റിപ്പോർട്ടിൽ അക്കൗണ്ട്സിന്റെ വരവ്, ചെലവ് കണക്കുകൾ ഗ്രാഫ് രൂപത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| | | 5. കൂടാതെ ഐ.കെ.എമ്മിന്റെ വെബ്സൈറ്റ് കുറച്ചുകൂടി User friendly ആക്കണം. ഐ.കെ.എമ്മിന്റെ ആപ്ലിക്കേഷനുകൾ 100% ഉപയോഗിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ വെബ് സൈറ്റിൽ ഉൾപ്പെടുത്തണം. | 5. ഐ.കെ.എമ്മിന്റെ വെബ്സൈറ്റ് താഴെ പറയുന്ന സവിശേഷതകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്.<br>•Added bilingual facility English and Malayalam<br>•Responsive UI, the site automatically fit in any screen size<br>•Created banners for recent events and achievements<br>•Site building and Content updation can be added on the fly. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | 6.സങ്കേതം ആപ്ലിക്കേഷനിൽ IBPMS ൽ ഉള്ളതുപോലെ ബിൽഡിംഗ് റൂൾസിന്റെ എല്ലാ പ്രൊവിഷൻസും കൂട്ടിച്ചേർത്ത് Auto Checking എന്നിവ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തണം. Manual Intervention ഇല്ലാതെ Automatic ചെക്കിംഗ് ചെയ്യാൻ കഴിയണം. Building rule, Master plan, drawing എന്നിവ Automatic ചെക്കിംഗ് ചെയ്യാൻ കഴിയണം.<br>സങ്കേതം ആപ്ലിക്കേഷൻ ഈ രീതിയിലേക്ക് മാറ്റുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറുമായി കൂടിയാലോചിച്ച്<br>2019-20 ൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എത്ര Human Months ആവശ്യമുണ്ട് എന്നുള്ളതിന്റെ പ്രൊപ്പോസൽ തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. | 6. CTP/Domain Experts എന്നിവർ requirement / Rules പൂർത്തിയാക്കിയതിനു ശേഷം എട്ടുമാസ കാലയളവു കൊണ്ട് കൊണ്ടു പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്. വിശദമായ പ്രൊപ്പോസൽ 12.06.2020 തീയതിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ട-3 ആയി ചേർത്തിട്ടുണ്ട്. |
| **അജണ്ട-7** | ഐ.കെ.എമ്മിന്റെ 2018 - 2019 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് Statutory Auditor റെ നിയമിക്കുന്നത് സംബന്ധിച്ച്. | നിലവിലുള്ള Terms and Conditions പ്രകാരം M/s.Rathnam & Murthy Chartered Accounts ന് ഐ.കെ.എമ്മിന്റെ 2018-2019 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകി. 2018-2019 വർഷത്തെ ഓഡിറ്റ് 2019 ജൂൺ 30 നുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശം നൽകി. | 21.05.2019 ലെ No.3548/E1/2019/IKM പ്രകാരം M/s.Rathnam & Murthy Chartered Accounts ന് 2018-2019 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഓഫർ ലെറ്റർ നൽകുകയും, 29.05.2019 ന് പ്രസ്തു ഓഫർ സ്വീകരിക്കുകയും, 04.06.2019 ഓഡിറ്റിംഗ് ആരംഭിക്കുകയും 27.06.2019 ന് ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് 12.06.2020 തീയതിയിൽ കൂടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ട-23 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-8 | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. ഇപ്പോൾ ഐ.കെ.എം ചെയ്തുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്താനും, ഭാവിയിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, തനത് വരുമാനം നേടുന്നതിനുള്ള ആശയങ്ങൾ എന്നിവ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് കമ്മിറ്റി അറിയിച്ചു.<br>• സങ്കേതം ആപ്ലിക്കേഷൻ ഓൺലൈൻ, Intellegent & Automated ആക്കി 941 പഞ്ചായത്തുകളിലും 2019-20 സാമ്പത്തികവർഷം വിന്യസിക്കേണ്ടതാണ്.<br>• തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കോടതി കേസുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ച് വിന്യസിക്കണം. | സങ്കേതം ആപ്ലിക്കേഷൻ ഓൺലൈൻ, Intellegent & Automated ആക്കുന്നതിനായുള്ള പ്രൊപ്പോസൽ 12.06.2020 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ട-3 ആയി ചേർത്തിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കോടതി കേസുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഉടൻ തന്നെ തയ്യാറാക്കി നൽകുന്നതാണ്. തദ്ദേശ ഭരണ വകുപ്പിന്റെ കോടതി കേസുകൾ വിവിധ വിഭാഗങ്ങളാണ് കൈകാര്യം ചെയ്തു വരുന്നത്. ആയതിനാൽ ഈ സോഫ്റ്റ്‌വെയറിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക തദ്ദേശ ഭരണ വകുപ്പിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ Single Point of Contact ആയി നിയോഗിച്ച നൽകുന്നത് ഉചിതമായിരിക്കും. |
| അജണ്ട-9 | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള (IIITMK) മുഖേന ഐ.കെ.എമ്മിലെ ടെക്നിക്കൽ ജീവനക്കാർക്ക് Selenium Automation Testing ട്രെയിനിംഗ് നടത്തിയതിന് തുക നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. ട്രയിനിംഗ് കൊടുത്തവരിൽ നിന്നും ട്രെയിനിംഗ് റിപ്പോർട്ട് വാങ്ങി എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിക്കാനും യോഗം നിർദ്ദേശിച്ചു. | ട്രെയിനിംഗ് റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-10 | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ Delegation of Financial Power ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. | 04.05.2018ലെ Store Pruchase Department ന്റെ G.O.(P)No.03/2018/SPD ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ്-II വിഭാഗത്തിൽ വരുന്ന വകുപ്പ് അധ്യക്ഷൻമാർക്ക് തുല്യമായി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി നിശ്ചയിക്കുന്നതിന് അനുമതി നൽകി. | 20.05.2019 ലെ നം.4043/ഇ1/2018/ഐ.കെ.എം നമ്പർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ Delegation of Financial Power ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിനായി കത്ത് നൽകുകയും, 12.05.2020 ലെ സ.ഉ(സാധാ)നം.870/2020/തസ്വഭവ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ റൂൾസ് ആന്റ് റെഗുലേഷൻസ് ഖണ്ഡിക-17.1 ന്റെ q ഭേദഗതി ചെയ്യേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, വാങ്ങലുകൾക്ക് മാത്രം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഗ്രൂപ്പ്-II വകുപ്പ് തലവന്റെ Delegation of Financial Power അനുവദിച്ച് ഉത്തരവായി. |

**<u>തീരുമാനം</u>**

പത്തൊൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. ആയതിൻ പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സിനി.ആർ ന്റെ ഇ.പി.എഫ് വിഹിതം കൂടി ഐ.കെ.എം അടച്ചത് ശ്രീമതി.സിനി.ആർ നിന്നും ഈടാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് കമ്മിറ്റി അറിയിച്ചു.
- എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലും ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് അജണ്ടയായി കൊണ്ടുവരേണ്ടതാണെന്ന് കമ്മിറ്റി അറിയിച്ചു.
- സഞ്ചയ ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ ചെയ്യുന്നത് നിലവിൽ സോഫ്റ്റ്‌വെയറിൽ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ആയത് തുറന്നുകൊടുക്കുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണെന്ന് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്കും, നഗരകാര്യ ഡയറക്ടർക്കും ഐ.കെ.എം കത്ത് നൽകുന്നതിന് തീരുമാനിച്ചു.
- പ്രോജക്റ്റ് അഡ്വാൻസുകൾ ഇനിയും ലഭിക്കാനുള്ളതിൽ മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കുറിപ്പോടെ മടങ്ങിയ കത്തുകളിലും, മറുപടി ലഭിക്കാത്ത കത്തുകളിലും റെവന്യൂ റെക്കവറി നടപടികളുൾപ്പെടെ സ്വീകരിക്കാവുന്നതാണെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.
- 2013-14 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റഡ് അക്കൌണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ആഡിറ്റ് ക്വറിക്കുള്ള ഐ.കെ.എമ്മിന്റെ മറുപടി കൂടി

ബന്ധപ്പെട്ട എല്ലാ ടീമുകളിൽ നിന്നും ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ ശേഖരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കോടതി കേസുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ റിക്വയർമെന്റ് സ്റ്റഡി ഇതുവരെ നടത്തിയിട്ടില്ല. ആയത് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് ചെയർപേഴ്സൺ നിർദ്ദേശം നൽകി.

**അജണ്ട-3**

**വിഷയം: സങ്കേതം ബിൽഡിംഗ് പെർമ്മിറ്റ് ആപ്ലിക്കേഷൻ ഓൺലൈൻ, Intelligent & Automated ആക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച്.**

**തീരുമാനം**

കോഴിക്കോട് കോർപ്പറേഷനിൽ നിലവിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന സുവേഗ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് ഐ.കെ.എമ്മിന് ഷെയർ ചെയ്യും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സുവേഗ സോഫ്റ്റ്‌വെയർ ടീമുമായി ചർച്ച നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട-4**

**വിഷയം: സ്വകാര്യ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

നിയമിക്കേണ്ട ഉദ്യോഗാർത്ഥികളുടെ തസ്തികയും, വിദ്യാഭ്യാസ യോഗ്യതയും, പ്രവൃത്തി പരിചയവും ചുവടെ ചേർക്കുന്നു.

| Post | No. | Educational Qualification | Experience | Salary (Max. Consolidated) |
|---|---|---|---|---|
| **Senior Developer** | 1 | B-Tech (Electronics or Computer Science) /MCA | • Must have 5 to 7 years of experience in designing, developing and maintaining IT application development, maintenance and support areas using multiple technologies.<br>• Should have at least 4 years experience in PHP, Different PHP frameworks, Postgres, Angular JS, MVC, SOA.<br>• Good communication and interpersonal skills.<br>• Must be familiar with project lifecycle documentation. | 60,000 - 65,000/- |
| **Junior** | 2 | B-Tech (Electronics or | • Must have 3 to 5 years of experience in designing, developing and maintaining IT | 40,000 - 45,000/- |

| Post | No. | Educational Qualification | Experience | Salary (Max. Consolidated) |
|---|---|---|---|---|
| **Developer** | | Computer Science) /MCA | application development, maintenance and support areas using multiple technologies.<br>• Should have at least 2 years experience in PHP, Different PHP frameworks, Postgres, Angular JS, MVC.<br>• Good communication and interpersonal skills.<br>• Must be familiar with project lifecycle documentation. | |
| **Customer Support Agent (Technical)** | **5** | BSc (Computer Science) / Diploma (Computer Science)/BCA | • 1 year Experience in Call centre jobs<br>• Candidate should speak Clear, Fluent in Malayalam and English<br>• Good Technical knowledge about IPs/Networking/Hardware etc.<br>• Knowledge about call centre Industry | 20,000/- |
| **Accountant** | **2** | M.Com / B.Com with Computer Application | • 1 year Experience in Computerised accounting skill<br>• Good communication and interpersonal skills. | 20,000/- |

<u>തീരുമാനം</u>

കേസിന്റെ നിലവിലുള്ള സ്ഥിതി പരിശോധിച്ചതിനു ശേഷം കോടതി വിധിക്ക് വിധേയമായി ഇ-ടിക്കറ്റിംഗ് പ്രോജക്റ്റിലേക്ക് സീനിയർ ഡെവലപ്പർ, ജൂനിയർ ഡെവലപ്പർ എന്നീ തസ്തികകളിൽ കേരളാ സർവ്വീസ് ചട്ടം ഭാഗം-1 അപ്പന്റിക്സ് VIII ൽ പറയുന്ന കോൺട്രാക്റ്റ് എഗ്രിമെന്റ് പ്രകാരം ഒരു വർഷത്തേക്ക് മാത്രമായും, Customer Support Agent (Technical), Accountant എന്നീ തസ്തികകളിലേക്ക് ആദ്യം ഒരു വർഷത്തേക്കും അതിനു ശേഷം ആവശ്യകതയ്ക്കനുസരിച്ച് കേരളാ സർവ്വീസ് ചട്ടം ഭാഗം-1 അപ്പന്റിക്സ് VIII ലെ വ്യവസ്ഥകൾക്ക് വിധേയമായി പത്രപരസ്യം, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് തീരുമാനിച്ചു. ഇങ്ങനെ എടുക്കുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും ഈ പ്രോജക്റ്റിന് ലഭിക്കുന്ന വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

<u>അജണ്ട -5</u>

**വിഷയം:** **ILGMS, CMLRRP, RABC, KSSM-disability Census തുടങ്ങിയ പ്രോജക്റ്റുകളിലേക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

Project Target, Action plan, Existing staff strength, New project details, no.of people required for new recruitment, whether salary will be met from own fund / plan fund

എന്നിവ ഉൾപ്പെടുത്തിയ പുതുക്കിയ പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

## അജണ്ട -6

**വിഷയം: ഐ.കെ.എമ്മിൽ ഡേറ്റാ സെന്റർ മാനേജ്മെന്റ് / ഡാറ്റാബേസ് മാനേജ്മെന്റ് / സെർവർ മാനേജ്മെന്റ് എന്നീ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്.**

നിയമിക്കേണ്ട ഉദ്യോഗാർത്ഥികളുടെ തസ്തികയും, വിദ്യാഭ്യാസ യോഗ്യതയും, പ്രവൃത്തി പരിചയവും ചുവടെ ചേർക്കുന്നു.

| Post | No. | Educational Qualification | Experience / Skills | Salary (Max. Consolidated) |
|---|---|---|---|---|
| **Infrastructure Specialist** | 1 | First Class degree in BE / B.Tech (CS / EC/ IT/ EEE) / MCA/MSc (Computer science). (If not available diploma holders in computer science can be considered) | 1. Minimum 5 years' IT experience in the areas mentioned above<br>2. Certification: CCNA, CCNP (desirable)<br>3. Experience with Linux servers in virtualized environments<br>4. Strong background in Linux/Unix Administration<br>5. Familiarity with the fundamentals of Linux scripting languages<br>6. Experience installing, configuring, and maintaining services such as Apache, MySQL, nginx, etc.<br>7. Strong grasp on configuration management tools<br>8. Familiarity with load balancing, firewalls, etc.<br>9. Familiarity with container management tools (ex:puppet,chef,docker)<br>10. Proficient with network tools such as iptables, Linux IPVS, HAProxy, etc.<br>11. Ability to build and monitor services on production servers<br>12. Knowledge of servers and switches<br>13. Ability to use a wide variety of open source technologies and cloud services<br>14. Strong Experience with - Version Control System such as Git<br>15. Strong Experience with Continuous Deployment tool like Jenkins<br>16. Strong Experience with load balancing tool | 60,000 - 70,000 |

| Post | No. | Educational Qualification | Experience / Skills | Salary (Max. Consolidated) |
|---|---|---|---|---|
| | | | like HAProxy and Nginx or radware<br>17. Knowledge of best practices and IT operations in an always-up, always-available service<br>18. Hands on experience in networking, routing and switching<br>19. Excellent knowledge of best practices around management, control, and monitoring of server/router/ wireless infrastructure<br>20. Experience with firewalls, MPLS VPNs, Proxy, Internet VPNs remote implementation, troubleshooting, and problem resolution is desired<br>21. Ability to set up and configure network devices for VLAN, VPN, and Inter VLAN routing.<br>22. Familiarity with backup and recovery software for network infrastructure | |

**തീരുമാനം**

അംഗീകരിച്ചു. തസ്തിക, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പളം എന്നിവ ഉൾപ്പെടുത്തിയ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട -7**

**വിഷയം: ഐ.കെ.എമ്മിലെ Functional Designation Organogram അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത പ്രകാരം Functional Designation Organogram പുതുക്കിയത് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അംഗീകാരത്തിനായി നൽകാൻ നിർദ്ദേശിച്ചു.

**അജണ്ട -8**

**വിഷയം: സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിലേക്ക് ഇ-ഗവേണൻസ് പോർട്ടലിന് ആവശ്യമായ ഡി.പി.ആർ ഉം ചെലവും തയ്യാറാക്കി നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

**അംഗീകരിച്ചു.**

**അജണ്ട -9**

**വിഷയം: റീസ്ട്രക്ചറിംഗ് റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ക്രമീകരണം നടത്തിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

റീസ്ട്രക്ചറിംഗ് റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ക്രമീകരണം നടത്തിയ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിച്ച് അംഗീകാരം നൽകി.

**അജണ്ട -10**

**വിഷയം: ഐ.കെ.എം ജീവനക്കാർക്ക് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം ജീവനക്കാർക്ക് സർവ്വീസ് റൂൾ രൂപീകരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര / ധനകാര്യ വകുപ്പിൽ നിന്ന് വിരമിച്ച ഒരു ഉദ്യോഗസ്ഥനെ സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതിനായി സർവ്വീസ് കൺസൽട്ടന്റായി നിയമിക്കുന്നതിന് ഹോണറേറിയം, സമയ പരിധി എന്നിവ ഉൾപ്പെടുത്തിയ ഒരു കത്ത് ഉത്തരവിനായി സർക്കാരിലേക്ക് നൽകുന്നതിന് തീരുമാനിച്ചു.

നടപടി: അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**അജണ്ട -11**

**വിഷയം: എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കീഴിൽ വരുന്ന പ്രധാനപ്പെട്ട തസ്തികകൾ വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് സാമ്പത്തികവും, ഭരണപരവുമായ അധികാരങ്ങളും ചുമതലകളും ആവശ്യാനുസരണം ഡെലിഗേറ്റ് ചെയ്യുന്നത് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത പ്രകാരം ഭേദഗതികളോടെ അംഗീകരിച്ചു.

**അജണ്ട -12**

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് KGSMA Rules പ്രകാരമുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

KGSMA Rules പ്രകാരമുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെൻറ് ആനുകൂല്യങ്ങൾ ഐ.കെ.എമ്മിലെ ജീവനക്കാർക്ക് നൽകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട -13**

**വിഷയം: ഐ.കെ.എമ്മിലെ ടെക്നിക്കൽ ഓഫീസറായ ശ്രീ.പി.ജി.രാജഗോപാലിന്റെ അമ്മയുടെ ചികിൽസാ ചെലവ് റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി.**

**തീരുമാനം**

ശ്രീ.രാജഗോപാലിന്റെ അമ്മയുടെ ചികിൽസാ ചെലവ് ഇനത്തിൽ അനുവദനീയമായ തുകയായ 1,38,587/- രൂപ റീഇംബേഴ്സ് ചെയ്ത് നൽകുന്നതിന് അനുമതി നൽകി.

**അജണ്ട -14**

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിലെ ജീവനക്കാരൻ/ജീവനക്കാരി, അവരുടെ ഭർത്താവ് / ഭാര്യ, കുട്ടികൾ എന്നിവർ അടങ്ങുന്ന കുടുംബത്തിന് ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശയോടുകൂടി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട -15**

**വിഷയം: ശ്രീ.മുരുകദാസും കൂട്ടരും ഫയൽ ചെയ്ത WP (C) No.31809/2015, WP(C) No.36595/2018 നമ്പർ കേസുകളിൽ മേലുള്ള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ശ്രീ.മുരുകദാസും കൂട്ടരും ഫയൽ ചെയ്ത WP(C)No.31809/2015 നമ്പർ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 20.03.2018 ലെ വിധിന്യായം നടപ്പിലാക്കി 20.07.2018 തീയതിയിലെ സ.ഉ(സാധാ)നം.1981/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടില്ല എന്ന് ധനകാര്യവകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് കൂടുതൽ സമയം ബഹു. ഹൈക്കോടതിയിൽ നിന്നും ആവശ്യപ്പെടുന്നതിനും, സർക്കാരിന് സാമ്പത്തിക ബാധ്യത വരുന്നതായതിനാൽ പ്രസ്തുത കേസ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ധനകാര്യവകുപ്പിനെക്കൂടി അറിയിച്ച് വ്യക്തത തേടുന്നതിനും, അതോടൊപ്പം ഈ കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട -16**

**വിഷയം: ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകളിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനം എടുക്കേണ്ട വിഷയങ്ങൾ പരിഹരിച്ചത് നൽകിയത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകളിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനം എടുക്കേണ്ട വിഷയങ്ങൾ പരിഹരിച്ചത് നൽകിയതും, സർക്കാർ തീരുമാനമെടുക്കേണ്ട ഇനങ്ങളിൽ 12.05.2020 ലെ G.O(Rt).No.872/2020/LSGD ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർ പേഴ്സണായും, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ, ഐ.കെ.എം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ മെമ്പറായും ഒരു കമ്മിറ്റി രൂപീകരിച്ച വിഷയവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**അജണ്ട -17**

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തിൽ ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

18.02.2019 ന് മുൻപ് ഐ.കെ.എം സർവ്വീസിൽ നിന്നും വിരമിച്ചവർ / സേവനം അവസാനിപ്പിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യത്തിന് അർഹനനാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി നൽകുന്നതിന് തീരുമാനിച്ചു. ഇങ്ങനെ നൽകുന്ന ജീവനക്കാരിൽ മുൻകാലങ്ങളിൽ ഐ.കെ.എമ്മിൽ നിന്നും എടുത്ത പ്രോജക്റ്റ് അഡ്വാൻസ് സെറ്റിൽ ചെയ്യാനുള്ളത് ഉണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതാണ്.

**അജണ്ട -18**

**വിഷയം: ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി നൽകുന്നതിന് തീരുമാനിച്ചു.

**അജണ്ട -19**

**വിഷയം: ശ്രീമതി.വിനീത.കെ.ആർ, ടെക്നിക്കൽ ഓഫീസർ ഗ്രേഡ്-III, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ആർജ്ജിത അവധി മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഏറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ടെക്നിക്കൽ ഓഫീസർ ഗ്രേഡ് III ആയ ശ്രീമതി.വിനീത.കെ.ആർ 03.04.2019 മുതൽ 08.08.2019 വരെയുള്ള 128 ദിവസത്തെ ആർജ്ജിത അവധിയും, 09.08.2019 മുതൽ 31.10.2019 വരെയുള്ള 84 ദിവസത്തെ

ശൂന്യവേതന അവധിയും ഉൾപ്പെടെ 212 ദിവസത്തെ മെഡിക്കൽ ഗ്രൌണ്ടിലുള്ള അവധി അനുവദിക്കുന്നതിന് സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു.

<u>അജണ്ട -20</u>

**വിഷയം: ഐ.കെ.എം ലെ ജീവനക്കാർക്ക് ആർജ്ജിത അവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

ഐ.കെ.എം ജീവനക്കാർക്ക് കേരളാ സർവ്വീസ് ചട്ടം ഭാഗം-1 അപ്പന്റിക്സ് VIII പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ മാത്രമേ അനുവദിക്കുന്നതിന് കഴിയുകയുള്ളൂ എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. ഇത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിന് സർക്കാരിലേക്ക് വിശദമായ കത്ത് നൽകുന്നതിന് യോഗം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

<u>അജണ്ട -21</u>

**വിഷയം: സോഫ്റ്റ്‌വെയർ ഡിവിഷനിൽ ജോലി നോക്കുന്ന കരാർ ജീവനക്കാരുടെ കരാർ കാലാവധി പുതുക്കി നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

മാറ്റിവച്ചു.

<u>അജണ്ട -22</u>

**വിഷയം:ഡൊമൈൻ എക്സ്പേർട്ട്മാരെ ഐ.കെ.എമ്മിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

മാറ്റിവച്ചു.

<u>അജണ്ട -23</u>

**വിഷയം: ഐ.കെ.എമ്മിന്റെ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

മാറ്റിവച്ചു.

<u>അജണ്ട -24</u>

**വിഷയം: ഐ.കെ.എമ്മിലേക്ക് ഇ.പി.എഫ് കൺസൾട്ടന്റിന്റെ സേവനം ലഭ്യമാക്കിയ നടപടിയും ഇ.പി.എഫ് ഓഫീസിൽ Interest u/s 7Q പ്രകാരമുള്ള തുക അടച്ചതും സാധൂകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

ഇ.പി.എഫ് ഓഫീസ് ചുമത്തിയ പിഴത്തുകയിൽ ഇളവ് ലഭിക്കുന്നതിനായി ഇ.പി.എഫ് കൺസൾട്ടന്റ് മുഖാന്തിരം സ്വീകരിച്ച നിയമ നടപടി സാധൂകരിക്കുന്നതിനും, Interest u/s 7Q പ്രകാരമുള്ള 5,49,939/- രൂപ ഇ.പി.എഫ് ഓഫീസിൽ അടച്ച നടപടിയ്ക്കും സാധൂകരണം നൽകി.

<u>അജണ്ട -25</u>

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം, 1960 –ലെ KCSCC&A Rules എന്നിവ ബാധകമാക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

**മാറ്റിവച്ചു.**

<u>അജണ്ട -26</u>

**വിഷയം: കോഴിക്കോട് കോർപ്പറേഷനിലെ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ.എം. രജീന്ദ്രന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

**മാറ്റിവച്ചു.**

<u>അജണ്ട -27</u>

**വിഷയം: സർക്കാർ ഉത്തരവിന് വിധേയമായി ഐ.കെ.എം സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**<u>തീരുമാനം</u>**

1. KEXCON മുഖേന ഐ.കെ.എമ്മിൽ നിയോഗിച്ചിട്ടുള്ള 3 സെക്യൂരിറ്റി ജീവനക്കാർക്ക് ജൂലൈ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള കുടിശ്ശിക വേതനം നൽകുന്നതിന് അനുമതി നൽകി.

2 09.07.2019 ലെ സ.ഉ(അച്ചടി)നം. 81/2019/ധന , 30.08.2019 ലെ സ.ഉ(അച്ചടി) നം.119/2019/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസം മുതൽ 740/- രൂപ നിരക്കിൽ വേതനവും, അതോടൊപ്പം തന്നെ 27 ദിവസത്തിന് ശേഷം അധിക ദിവസം ഔദ്യോഗിക കൃത്യനിർവഹണം വഹിക്കുന്ന സാഹചര്യത്തിൽ, മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധിക വേതനം അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി.

**അജണ്ട -28**

**വിഷയം: ഇൻഫർമേഷൻ കേരള മിഷനിലേയ്ക്ക് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് വാഹനം ലഭ്യമാക്കിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസിലേയ്ക്ക് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുക രേഖപ്പെടുത്തിയ ശ്രീ.സുനിത് എ എസിന്റെ ഉടമസ്ഥതയിലുള്ള KL-20 M 4336 (Maruti Suzuki tour diesel Swift Desire BSIV2017) എന്ന വാഹനം ഏർപ്പെടുത്തിയതിൽ കുറഞ്ഞ ദൂരമായ 850 കി.മീറ്ററിന് ശേഷമുള്ള ഓരോ അധിക കി.മീറ്ററിനും 15.00 രൂപ നൽകുന്നത് പുന:പരിശോധിക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു.

**അജണ്ട -29**

**വിഷയം: 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയത് യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ തീരുമാനിച്ചു.

**യോഗം 1.30 ന് അവസാനിച്ചു.**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർമാൻ)**